പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2714 07.12.2018-ലെ മറുപടിക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ ഭാഗമായി നവീകരിക്കുവാൻ ഭരണാനുമതി ലഭ്യമായ വിളപ്പിൽ നിലമേൽ കോളനി, പള്ളിച്ചൽ തേരിക്കാവിള കോളനി എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നിലമേൽ കോളനിയുടെ കർമ്മപരിപാടിക്ക് ഭരണാനുമതി നൽകിയിരുന്നു. കർമ്മപരിപാടിയിൽ മാറ്റം വരുത്തണമെന്ന് കോളനിയിൽ കൂടിയ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനിക്കുകയും ആയതിൻപ്രകാരം മാറ്റം വരുത്തി ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്.<br>തേരിക്കാവിള കോളനിയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തികൾ വേഗത്തിലാക്കുന്ന തിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും സമയബന്ധിത മായി പൂർത്തിയാക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഏജൻസിയ്ക്ക് നിർദ്ദേശങ്ങൾ നൽകുകയും പ്രവൃത്തികൾ കുറ്റമറ്റതാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ